LIBRARY ARCHIVES Kerala Legislative Assembly

മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള കെ.എസ്.ഡി.പി. പദ്ധതി

104(5263) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്വാസകോശ രോഗം, അവയവമാറ്റ ശസ്ത്രക്രിയ, ഹൃദയാഘാതം എന്നിവയുടെ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള കെ.എസ്.ഡി.പി. പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർക്കുള്ള മരുന്നുകൾ Bioequivalence Study നടത്തിയതിനുശേഷം മാത്രമേ നിർമ്മാണ വിതരണത്തിനുള്ള ലൈസൻസ് ലഭിക്കുകയുള്ളൂ. Bioequivalence Study നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ശ്വാസകോശ രോഗം, ഹൃദയാഘാതം തുടങ്ങിയവയ്ക്കുള്ള മരുന്നുകളുടെ നിർമ്മാണ ഗവേഷണ നടപടികളുടെ ഭാഗമായി ആദ്യഘട്ടത്തിൽ CSIR-NIIST-യുമായി കരാർ ഒപ്പിടുകയും ഗവേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇലക്ട്രിക് ഓട്ടോകൾ

105(5264) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് നിലവിൽ പ്രതിമാസം നിർമ്മിച്ചുവരുന്ന ഇലക്ട്രിക് ഓട്ടോകളുടെ എണ്ണമെത്രയെന്ന് അറിയിക്കുമോ; നാളിതുവരെ എത്ര ഇലക്ട്രിക് ഓട്ടോ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ പ്രതിമാസം പരമാവധി 15 ഇ-ഓട്ടോയാണ് നിർമ്മിക്കുവാൻ സാധിക്കുന്നത്. കെ.എ.എൽ. ഇതുവരെ വിവിധ ഘട്ടങ്ങളിലുള്ള, വിപണനം ചെയ്യാവുന്ന 450 ഇ - ഓട്ടോ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ പൂർണ്ണമായും പണിതീർന്ന 180 ഇ-ഓട്ടോകളിൽ 149 എണ്ണം വിപണനം ചെയ്തിട്ടുണ്ട്.

(ബി) ഇ-ഓട്ടോ പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇ-ഓട്ടോ പദ്ധതി വിജയകരമാണ്. കോവിഡ് മഹാമാരി കാരണം അഖിലേന്ത്യാതലത്തിൽത്തന്നെ എല്ലാ ഓട്ടോമൊബൈൽ വ്യവസായവും മന്ദഗതിയിലാണ്. കൂടാതെ പുതിയ Electric Vehicle technology ജനങ്ങൾ പൂർണ്ണതോതിൽ ഉൾക്കൊള്ളാൻ കാലതാമസമെടുക്കുന്നതിനാൽ വിപണനത്തിന് കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും ഒരു വർഷത്തിനുള്ളിൽ ഇലക്ട്രിക് ഓട്ടോയുടെ വിപണനം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്.